**ഭരണഭാഷ-മാതൃഭാഷ**

നം. WEC -3/7241/2020

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 04.02.2021
ഇ-മെയിൽ.wcdwec@gmail.com
ഫോൺ നമ്പർ 0471-2346534

## പരിപത്രം

വിഷയം: വനിത ശിശു വികസന വകുപ്പ് - ഗാർഹിക പീഡനത്തില് നിന്നും വനിതകൾക്ക് സംരക്ഷണം നൽകുന്ന നിയമം 2005 -തപാൽ വകുപ്പുമായി ചേർന്ന് ആരംഭിക്കുന്ന പദ്ധതി **'രക്ഷാദൂത്'** - സംബന്ധിച്ച്.

സൂചന: സ.ഉ (സാധാ) നം. 597/2020/സാനീവ തീയതി 02.11.2020

ഗാർഹിക പീഡനത്തിൽ നിന്നു വനിതകളെ സംരക്ഷിക്കുന്ന നിയമം 2005 ഫലപ്രദമായി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട അതിക്രമങ്ങളിൽപ്പെടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പരാതി സമർപ്പിക്കുന്നതിനായി തപാല് വകുപ്പ വനിത ശിശുവികസന വകുപ്പുമായി സഹകരിച്ച് **"രക്ഷാദൂത്"** എന്ന പദ്ധതി ആരംഭിക്കുന്നു. അതിക്രമത്തിനിരയായ വനിതകൾക്കോ കുട്ടിയ്ക്കോ അവരുടെ പ്രതിനിധിക്കോ തങ്ങളുടെ ഐഡന്റിറ്റി വെളിപ്പെടുത്താതെ പരാതി സമർപ്പിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അവരുടെ പരാതിയിൽ യഥാസമയം ബന്ധപ്പെട്ടവർക്ക് നടപടി സ്വീകരിക്കുവാനും കഴിയുന്നു. അതിക്രമത്തിനിരയായ വ്യക്തിയ്ക്കോ അവരുടെ പ്രതിനിധിക്കോ പോസ്റ്റ് ഓഫീസിൽ എത്തി 'തപാൽ' എന്ന കോഡ് പറയുകയും അവർക്ക് പോസ്റ്റ്മാസ്റ്റർ/മിസ്ട്രസിന്റെ സഹായത്തോടുകൂടി ഒരു പേപ്പറിൽ സ്വന്തം മേൽവിലാസമെഴുതി പിൻകോഡ് സഹിതം ലെറ്റർ ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്. അല്ലാത്ത പക്ഷം പീഡനം അനുഭവിക്കുന്ന സ്ത്രീയോ/കുട്ടിയോ, അവരുടെ അടുത്തുള്ള തപാൽ വകുപ്പിന്റെ ലെറ്റർ ബോക്സിൽ വെള്ള പേപ്പറിൽ പൂർണ്ണമായ മേൽവിലാസം പിൻകോഡ് സഹിതം എഴുതി സീൽ ചെയ്ത് പുറത്ത് 'തപാൽ' എന്നെഴുതി നിക്ഷേപിക്കാവുന്നതുമാണ്. സ്റ്റാമ്പ്

ഒട്ടിക്കേണ്ടതില്ല. ആയവ പോസ്റ്റ് മാസ്റ്റർ സ്വീകരിച്ച് അതിന്റെ സ്കാൻഡ് കോപ്പി വനിത ശിശുവികസന വകുപ്പിന്റെ wcddvpostal@gmail.com എന്ന E-mail ID യിലേയ്ക്ക് കൈമാറുന്നു. ഗാർഹിക അതിക്രമവുമായി ബന്ധപ്പെട്ട പരാതികൾ അതാത് ജില്ലകളിലെ വനിത സംരക്ഷണ ഓഫീസർമാരും, കുട്ടികൾക്കെതിരെയുള്ള പരാതികൾ അതാത് ജില്ലകളിലെ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരും അന്വഷിച്ച് ആവശ്യമായ നടപടികള് സ്വീകരിക്കുന്നു. പ്രസ്തുത പദ്ധതിയെക്കുറിച്ച് വ്യാപക പ്രചരണം നൽകുന്നതിന് നിർദ്ദേശിക്കുന്നു.

Sd/-

For വനിത ശിശുവികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും.

പകർപ്പ്

- എല്ലാ വനിത സംരക്ഷണ ഓഫീസർമാർക്കും
- എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
- പ്രോഗ്രാം മാനേജർ ICPS
- എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
- സ്റ്റേറ്റ് പ്രോജക്ട് കോ-ഓർഡിനേറ്റർ, നിർഭയ
- ഫയൽ/സ്റ്റോക്ക് ഫയൽ